പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1193 | 11.06.2019-ൽ മറുപടിക്ക്

## കെ.സി.പാലം പുനർനിർമ്മാണം

| ചോദ്യം<br>ശ്രീ.സി.എഫ്.തോമസ് : : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചങ്ങനാശ്ശേരി-ആലപ്പുഴ ബോട്ട് റൂട്ട് കനാലിൽ നിർമ്മിച്ച കെ.സി.പാലത്തിന് ആവശ്യത്തിന് ഉയരവും വീതിയും ഇല്ലാത്തത് മൂലം കഴിഞ്ഞ പ്രളയകാലത്ത് കട്ടനാട്ടിലെ ജനങ്ങളെ ചങ്ങനാശ്ശേരിലേക്ക് മാറ്റി പാർപ്പിക്കുവാൻ വലിയ തടസ്സമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ പാലത്തിന്റെ ഉയരക്കുറവ് മൂലം യാത്രാബോട്ടുകളും ടൂറിസ്റ്റ് ബോട്ടുകളും ഇതുവഴി പോകുന്നത് അസാധ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഈ സാഹചര്യങ്ങളിൽ ഉയരവും വീതിയും കൂട്ടി പാലം പുതുക്കി പണിയുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് അനുവദിച്ചിരുന്ന തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പാലത്തിന്റെ ഉയരം കൂട്ടി നിർമ്മിക്കുവാൻ 19.11.2014-ലെ സ.ഉ.(സാധാ)നമ്പർ. 1612/14/പി.ഡബ്ല്യൂ.ഡി പ്രകാരം 2.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ആലപ്പുഴ ചങ്ങനാശ്ശേരി ജലപാത ദേശീയ ജലപാതയായി പ്രഖ്യാപിച്ചതുമൂലം പൊതുമരാമത്ത് വകുപ്പ് മേൽപ്രവൃത്തിക്കായി തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും മാറ്റുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ എസ്റ്റിമേറ്റും പ്ലാനും മാറ്റി തയ്യാറാക്കിയിട്ടുണ്ടോ; | (ഡി) | ദേശീയ ജലപാതയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി 40 മീറ്റർ ഹൊറിസോണൽ ക്ളിയറൻസും, പരമാവധി ജലനിരപ്പിൽ നിന്നും 6.00 മീറ്റർ ഉയരവുമായി പാലത്തിന്റെ പുതിയ രൂപകൽപ്പന പൊതുമരാമത്ത് വകുപ്പ് പാലം ഡിസൈൻ വിഭാഗം പുതുക്കിയിട്ടുണ്ട്. അതു പ്രകാരം 36.70 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഇൻലാന്റ് വാട്ടർ അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | പുതിയ എസ്റ്റിമേറ്റ് തുക എത്രയാണ്; പ്രളയാനന്തര പദ്ധതികളിൽപെടുത്തി ഈ പാലത്തിന്റെ പുനർനിർമ്മാണം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുമോ എന്നറിയിക്കാമോ? | (ഇ) | 12% ജി.എസ്.ടി ഉൾപ്പെടെ പുതുക്കിയ എസ്റ്റിമേറ്റ് തുക 39.99 കോടി രൂപയാണ്. പാലത്തിന്റെ പുനർ നിർമ്മാണം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ